വിച്ഛേദനംമൂലം പൊതുജനങ്ങൾക്കും അതത് സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കണക്കാക്കിയും സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധതയും നയങ്ങളും കണക്കിലെടുത്തും ചില ഇളവുകൾ അനുവദിക്കാറുണ്ട്.

(ഇ) 307.53 കോടിരൂപയുടെ കുടിശ്ശികകളാണ് വിവിധ കോടതികളിൽ 192-ൽപ്പരം കേസുകളിലായി കെട്ടിക്കിടക്കുന്നത്.

(എഫ്) എച്ച്.റ്റി. വിഭാഗത്തിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്റ്റേ അനുവദിച്ചിട്ടില്ല. എൽ. റ്റി. വിഭാഗത്തിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ 50,22,784 രൂപയുടെ സ്റ്റേ അനുവദിച്ചിട്ടുണ്ട്. കോട്ടയം സർക്കിളിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘത്തിന്റെ വൈദ്യുതി കുടിശ്ശികയായ 50,22,784 രൂപ പിരിച്ചെടുക്കുന്നതിന്, സംഘം ബഹു. ഹൈക്കോടതിയിൽ ഫയൽചെയ്ത WA 651/13 കേസിന്റെ അന്തിമവിധി വരുന്നതുവരെ ബഹു. കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്റ്റേ അനുവദിച്ചിട്ടുണ്ട്. മറ്റ് ഇളവുകളോ ഒഴിവാക്കലുകളോ നൽകിയിട്ടില്ല.

**വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

**17 (6468)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം കണക്കിലെടുത്തു കൊണ്ട് അതിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനത്തിനാണ് മുൻഗണന നൽകിയിട്ടുള്ളത് ;

(സി) ഏറ്റവും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്ന ചീമേനി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 13 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾവഴി 195.1 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ 31 മെഗാവാട്ടിന്റെ 7 ചെറുകിട ജലവൈദ്യുത പദ്ധതികൾ രണ്ട് വർഷത്തിനകം ടെണ്ടർ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ സ്വകാര്യ സംരംഭകർവഴി 222 മെഗാവാട്ടിന്റെ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2.80206 മെഗാവാട്ട് ശേഷിയിൽ 7 പദ്ധതികളിലായി സോളാർ പ്ലാന്റുകൾ കെ.എസ്.ഇ.ബി. സ്വന്തം നിലയ്ക്ക് സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി എൻ.എച്ച്. പി. സി. യുമായി ചേർന്ന് നടത്തുന്നതിന് കെ.എസ്.ഇ.ബി. 7-5-2014-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

M/s. Inox Renewable Energy Limited-ന്റെ 22 megawatt Wind Energy Project, കഞ്ചിക്കോട്, കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. വൈദ്യുത ബോർഡ് എൻ.എച്ച്.പി.സി.-യുമായി ചേർന്ന് പാലക്കാട് നല്ലസിംങ്കം, കോട്ടത്തറ എന്നിവിടങ്ങളിലായി 82 മെഗാവാട്ട് വിൻഡ് പ്രോജക്ട് സ്ഥാപിക്കുന്നതിലേക്കായി 6-1-2014-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

സഹകാര്യ സംരംഭകർവഴി നടപ്പിലാക്കുന്ന SHP, Wind Energy Project ഉൾപ്പെടെയുള്ള 13 പദ്ധതികളിലൂടെ 59.66 മെഗാവാട്ട് സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. അവയിൽ പൂർത്തിയാക്കിയ 7 പദ്ധതികളിൽനിന്നും 62.44 എം.യു. ഉൽപ്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് താഴെപ്പറയുന്ന എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട് :-

1. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾമാറ്റി പകരം വാതകമാക്കി മാറ്റിയ എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കാനുള്ള ഏകദേശം 36-40 മെഗാവാട്ട് പദ്ധതി.

2. ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തോട് അനുബന്ധമായി ഒഴിഞ്ഞുകിടക്കുന്ന (റേക്കന്റ്) സ്ഥലത്ത് ഏകദേശം 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിക്കുന്ന കമ്പയിൻഡ് സൈക്കിൽ വൈദ്യുതപദ്ധതി.

3. പുതുവൈപ്പിനിൽ പെട്രോനെറ്റ് എൽ.എൻ.ജി.യുമായി സഹകരിച്ച് 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കമ്പയിൻഡ് സൈക്കിൾ വൈദ്യുതപദ്ധതി.

4. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1200 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതി.

കൂടാതെ സഹകാര്യ മേഖലയിൽ ബൂട്ട് അടിസ്ഥാനത്തിൽ 25 ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ കാറ്റ്, സോളാർ, എന്നിവ ഉപയോഗിച്ചുള്ള പുതിയ ഉൽപ്പാദന പദ്ധതികൾ സ്ഥാപിക്കുന്നതിനും ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനും മുൻഗണന നൽകുന്നുണ്ട്. പാരമ്പര്യേതര മാർഗ്ഗങ്ങൾ പൂർണ്ണപരിഹാരമല്ലെങ്കിലും പരിസ്ഥിതി മന്ത്രാലയത്തിന്റെ തടസ്സങ്ങളാൽ സംഭരണശേഷി കൂടിയ ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് അസാദ്ധ്യമായിട്ടുള്ളതിനാൽ സർക്കാർ ഇക്കാര്യത്തിൽ അതീവ പരിഗണന നൽകുന്നു. കൂടാതെ താപനിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികളും വിഭാവനം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ (ഗെയിൽ) സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചിൻ-മംഗലാപുരം പ്രകൃതിവാതക പൈപ്പ്ലൈനിന്റെ പണികൾ യഥാർത്ഥ്യമാകുന്ന മുറയ്ക്ക് 1200 മെഗാവാട്ട് ശ്രീമേനി പദ്ധതിയുടെ പാരിസ്ഥിതിക അനുമതി നേടി പദ്ധതി മുന്നോട്ടുകൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ 1320 മെഗാവാട്ട് ശേഷിയുള്ള കൽക്കരി അധിഷ്ഠിത വൈദ്യുതിനിലയം സ്ഥാപിക്കുവാൻ സാധിക്കുമോ എന്നതും പരിശോധിച്ചുവരുന്നു.

**വൈദ്യുതപദ്ധതികളിൽനിന്നുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

**18 (6469)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വൈദ്യുതി ഇപ്പോൾ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഉത്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 30-6-2014-ലെ കണക്കുപ്രകാരം 2894.72 മെഗാവാട്ടാണ്.

(ബി) സ്ഥാപിതശേഷിയുടെ 96.23% ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി&ഡി) പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി (4x8 MW to 4x9 MW) യുടെ 8 എം.ഡബ്ല്യു. ശേഷിയുള്ള 4 ജനറേറ്ററുകളുടെ (4x8 MW) ആധുനിക വത്കരണത്തിനും ഉത്പ്പാദന ശേഷി (4x9 MW) ആയി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ (2015 മേയ് മാസത്തോടെ) നിലവിലുള്ള ശേഷി 32 മെഗാവാട്ടിൽനിന്നും 36 മെഗാവാട്ടായി വർദ്ധിക്കുന്നതാണ്. ഒന്നാം നമ്പർ മെഷീന്റെ നവീകരണം പൂർത്തീകരിച്ച് 9 മെഗാവാട്ട് ശേഷിയിൽ 15-4-2014 മുതൽ ഉൽപ്പാദനം തുടങ്ങി.

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സാദ്ധ്യതാപഠനവും ആർ.എൽ.എ. പഠനവും പൂർത്തീകരിച്ചിട്ടുണ്ട്.

ശേഷിക്കുന്ന പദ്ധതികളുടെ നവീകരണം നടപ്പിലാക്കുന്ന സമയത്ത് ശേഷിവർദ്ധനവിന്റെ സാദ്ധ്യതകൂടി നവീകരണത്തിനുമുന്നോടിയായുള്ള പഠനത്തിൽ ഉൾപ്പെടുത്തി, തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്വകാര്യപങ്കാളിത്തത്തോടുകൂടി ബൂട്ട് അടിസ്ഥാനത്തിൽ 25 പെരുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly